# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4177 — 24.06.2019-ൽ മറുപടിയ്ക്ക്.

## മിൽമയുടെ പാൽ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മിൽമയുടെ കേരളത്തിലെ ശരാശരി പാൽ സംഭരണം എത്രയാണെന്നും ഓരോ മേഖലയുടെയും സംഭരണമെത്രയാണെന്നും വിശദമാക്കുമോ; | (എ) മിൽമ ഇപ്പോൾ പ്രതിദിനം 13.34 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. എറണാകുളം മേഖല യൂണിയന്റെ ആഭ്യന്തര പാൽ സംഭരണം നിലവിൽ 3.21 ലക്ഷം ലിറ്ററും തിരുവനന്തപുരം മേഖല യൂണിയന്റെ പ്രതിദിന ശരാശരി പാൽ സംഭരണം 3.27 ലക്ഷം ലിറ്ററും മലബാർ മേഖല യൂണിയന്റെ പാൽ സംഭരണം 6.86 ലക്ഷം ലിറ്ററുമാണ്. |
| (ബി) മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്ന് പാലും പാൽ ഉൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യുന്നുണ്ടോ എന്നറിയിക്കാമോ ; | (ബി) തമിഴ് നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ അളവിൽ മിൽമ പാൽ കൊണ്ടുവരുന്നുണ്ട്. കൂടാതെ വിൽപ്പനയ്ക്കുള്ള പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനു വേണ്ടി പാൽപ്പൊടി മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്നുണ്ട്. ഇതോടൊപ്പം ആവശ്യകതയ്ക്കനുസരിച്ച് ചില ഉൽപ്പന്നങ്ങളും കൊണ്ടുവരുന്നുണ്ട്. |
| (സി) പാലിന്റെ സംഭരണ വിലയിൽ കാലാനുസൃതമായി മാറ്റം വരുത്തുന്നതിനും കൂടുതൽ കർഷകരെ ക്ഷീരോത്പാദന മേഖലയിലേക്ക് ആകർഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) നടപടി സ്വീകരിക്കും. പാൽ വില നിശ്ചയിക്കുന്നതിന് നിലവിൽ ബഹു.കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം കർഷകരുടെ സഹകരണ സ്ഥാപനമായ മിൽമയ്ക്കാണ് അധികാരം നൽകിയിരിക്കുന്നത്. പാൽവില വർദ്ധനവ് ഉപഭോക്താക്കളിൽ അധികഭാരം ഉണ്ടാകാതിരിക്കണമെന്നാണ് സർക്കാർ നിലപാട്. ക്ഷീരകർഷകർ പ്രാഥമിക ക്ഷീരസംഘങ്ങളിൽ നൽകുന്ന പാലിന്റെ കൊഴുപ്പും കൊഴുപ്പിതര ഖരപദാർത്ഥങ്ങളും അടിസ്ഥാനമാക്കി കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ പാൽവില ചാർട്ട് പ്രകാരമുള്ള വിലയാണ് നൽകി വരുന്നത്. പാലിന്റെ സംഭരണ വില അയൽ സംസ്ഥാനങ്ങളിൽ കുറഞ്ഞിരിക്കുന്ന അവസ്ഥയിൽ സംഭരണ വില പരിധിവിട്ട് ഉയർത്താൻ മിൽമയ്ക്ക് ബുദ്ധിമുട്ടുണ്ട്. എങ്കിലും ഉല്പാദന ചെലവിനനുസരിച്ച് പരമാവധി വില നൽകിവരുന്നുണ്ട്. എല്ലാ പത്തു ദിവസം കൂടുമ്പോഴും പാൽവില കൃത്യമായി ക്ഷീരസംഘങ്ങൾക്ക് കൈമാറുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം |

മൂലമുണ്ടാകുന്ന അധിക വരുമാനം പ്രോത്സാഹനവിലയായും കാലിത്തീറ്റ സബ്സിഡിയായും അതതു സമയങ്ങളിൽ ക്ഷീരസംഘങ്ങൾക്ക് കൈമാറുകയും ചെയ്തുവരുന്നു. അതോടൊപ്പം മിൽമ വിൽക്കുന്ന ഓരോ ലിറ്റർ പാലിൽ നിന്നും 31 പൈസ വീതം ക്ഷീരകർഷക ക്ഷേമനിധിയിൽ (പെൻഷൻ ഫണ്ടിലേക്ക്) നിക്ഷേപിച്ചുവരുന്നു.

കൂടുതൽ ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽക്കൃഷി, ഡെയറി യൂണിറ്റ് സ്ഥാപിക്കൽ, ഡെയറി യൂണിറ്റുകളുടെ ആധുനികവൽക്കരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും ക്ഷീരസംഘങ്ങൾ വഴി സംഭരിക്കുവാൻ കഴിയുന്നതും കൂടുതൽ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നുണ്ട്. ഇത് കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ കൂടുതൽ കർഷകരെ ക്ഷീരോല്പാദന മേഖലയിലേക്ക് ആകർഷിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**